# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **1437** — 14/06/2013 - ലെ മറുപടിയ്ക്ക്

## സംയോജിത കാർഷിക പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. എം.പി. വിൻസെന്റ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സംയോജിത കാർഷിക പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) 2013-14 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ, കേരളത്തിലെ ശരാശരി ലാന്റ് ഹോൾഡിംഗ് 0.27 ഹെക്ടർ മാത്രമായതിനാൽ ഹൈടെക് കൃഷി രീതികൾ അവലംബിക്കുന്ന ആധുനിക കൃഷിത്തോട്ടങ്ങൾ സംയോജിത മാതൃകയിൽ ഒരു ഇക്കണോമിക് യൂണിറ്റായി സംവിധാനം ചെയ്യുന്ന സംയോജിത കൃഷിത്തോട്ട പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി 10 കോടി രൂപ മാറ്റി വയ്ക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രോജക്റ്റ് തയ്യാറാക്കി പരിശോധിച്ച് വരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) പദ്ധതിയുടെ ഉദ്ദേശ്യം ഇവയാണ്.<br>1) കാർഷിക മേഖലയ്ക്ക് മൂല്യവർദ്ധനയിലൂടെ പുത്തൻ ഉണർവ് നൽകുക.<br>2) ഹൈടെക് കൃഷി രീതിയുൾപ്പെടെ നൂതന കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുക.<br>3) ആധുനിക കൃഷിത്തോട്ടങ്ങൾ സംയോജിത മാതൃകയിൽ സജ്ജീകരിക്കുന്നത് പ്രോത്സാഹിപ്പിക്കുക.<br>4) ചെറുകിട നാമമാത്ര കർഷകർക്ക് പരിമിതമായ കൃഷിയിടത്തിൽ പരമാവധി കൃഷി സങ്കേതങ്ങൾ സമന്വയിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുക.<br>5) ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക.<br>6) സംയോജിത കൃഷിത്തോട്ടങ്ങൾ സംസ്ഥാനത്ത് പ്രചരിപ്പിക്കുക. |

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്;

(സി) കൃഷി, മൃഗസംരക്ഷണം, ഡയറി ഡെവലപ്മെന്റ്, ഫിഷറീസ്, പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ളത്.

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) 10 കോടി രൂപ ചെലവിൽ സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ സംയോജിത തോട്ടകൃഷി പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനുവേണ്ടി ഒരു പ്രോജക്റ്റ് തയ്യാറാക്കിട്ടുണ്ട്.

ഒരേക്കർ വരെയുള്ള കൃഷിയിടത്തിൽ വിവിധതരം കാർഷിക ഫലപുഷ്പ കൃഷിവിളകളോടൊപ്പം മൂന്നോ അതിലധികമോ കൃഷികളെ സംയോജിപ്പിച്ചുകൊണ്ട് പുതിയ ചെറുകിട കൃഷിത്തോട്ടങ്ങൾ സജ്ജീകരിക്കുന്ന സംരംഭകർക്ക് പ്രോത്സാഹനമെന്ന നിലക്ക് ഒരേക്കർ യൂണിറ്റിന് സാങ്കേതിക സഹായത്തിനു പുറമെ 10,000/- രൂപ നിരക്കിൽ ധനസഹായം ലഭ്യമാക്കുന്നതാണ് പദ്ധതി. ഓരോ പഞ്ചായത്തിലും ഇത്തരം 10 സംയോജിത കൃഷിത്തോട്ടങ്ങൾ സജ്ജീകരിക്കും.

കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, പൗൾട്രി ഡെവലപ്മെന്റ്, ഡെയറി ഡെവലപ്മെന്റ്, ഫിഷറീസ് വകുപ്പുകൾ, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള എന്നിവ താന്താങ്ങളുടെ പ്രോജക്റ്റുകൾക്ക് വേണ്ട സാങ്കേതിക സഹായം ലഭ്യമാക്കും എന്നതാണ് പ്രോജക്റ്റ്. ഇത് നടപ്പിലാക്കുന്നതിന് സപ്ലിമെന്ററി ഡിമാന്റ് മുഖേന ഫണ്ട് ലഭ്യമാക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ